പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 961 14-10-2026-ൽ മറുപടിയ്ക്ക്

കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ കുടിവെള്ള വിതരണവും കുടിവെള്ളക്ഷാമവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് കേരള വാട്ടർ അതോറിറ്റിയുടെ വെള്ളം എത്താത്തത് മൂലം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതെന്ന് അറിയിക്കാമോ;

മറുപടി: കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ ചെന്ത്രാപ്പിന്നി ഈസ്റ്റ് ചർച്ച് റോഡ്, ചാമക്കാല ഹെൽത്ത് സെൻറർ പരിസരം, കൈപ്പമംഗലം, പെരിഞ്ഞനം, എസ്.എൻ പുരം, മതിലകം ഗ്രാമപഞ്ചായത്തുകളിലെ പടിഞ്ഞാറ് ഭാഗത്തേയും കിഴക്ക് ഭാഗത്തെയും പ്രദേശങ്ങളിൽ കേരള വാട്ടർ അതോറിറ്റിയുടെ വെള്ളം എത്താത്തതുമൂലം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

(ബി) കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കേരള വാട്ടർ അതോറിറ്റിയുടെ വെള്ളം എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: നിലവിലെ നാട്ടിക ഫിർക്ക പദ്ധതി 45 വർഷം പഴക്കമുള്ളതാണ്. ആയതിനാൽ ഈ പദ്ധതിയിലൂടെ പ്രസ്തുത മേഖലയിലെ കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കുവാൻ സാധ്യമല്ല. എന്നിരുന്നാലും ലഭ്യമായ വെള്ളം പൈപ്പ് ലൈനിലെ വാൽവുകൾ ക്രമീകരിച്ച് ജലവിതരണം നടത്തുന്ന ഭാഗങ്ങളിലെല്ലാം പരമാവധി ലഭ്യമാക്കി വരുന്നു. കൂടാതെ ഗ്രാമപഞ്ചായത്ത്, ടാങ്കർലോറി വഴി വാട്ടർ അതോറിറ്റിയുടെ സംഭരണിയിൽ നിന്നുള്ള ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്.

നിലവിൽ കിഫ്ബി നാട്ടിക ഫർക്ക കുടിവെള്ള പദ്ധതിയിൽ ഉൽപാദന ഘടകങ്ങളുടെ പ്രവൃത്തി ആരംഭഘട്ടത്തിലാണ്. ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ 260 ലക്ഷം ലിറ്റർ കുടിവെള്ളം പ്രതിദിനം കൂടുതലായി എസ്.എൻ പുരം, മതിലകം, കൈപ്പമംഗലം, പെരിഞ്ഞനം, എടത്തിരുത്തി, വലപ്പാട്, നാട്ടിക, തളിക്കുളം, വാടാനപ്പിള്ളി, ഏങ്ങണ്ടിയൂർ പഞ്ചായത്തുകളിലേക്ക് വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.

(സി) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കുടിവെള്ള വിതരണത്തിനായുള്ള പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ പൊളിക്കുമ്പോൾ എത്ര ദിവസത്തിനകമാണ്

റീസ്റ്റോറും ടാറിങ്ങും ചെയ്യേണ്ടതെന്ന് വ്യക്തമാക്കാമോ; ഇതിൽ വീഴ്ച വരുന്നതുമൂലം റോഡുകൾ തകരുകയും ജനകീയ പ്രക്ഷോഭങ്ങളുണ്ടാവുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> കുടിവെള്ള വിതരണത്തിനായുള്ള പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയ ഉടൻ തന്നെ താൽക്കാലിക റോഡ് പുനഃസ്ഥാപനം നടത്തിവരുന്നു. റോഡിന്റെ സ്ഥിരമായ പുനഃസ്ഥാപനം അംഗീകരിച്ച പ്രവൃത്തി ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, കരാർ വ്യവസ്ഥകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ ആയത് പൂർത്തീകരിക്കുന്നതാണ്.

റോഡ് പുനഃസ്ഥാപനത്തിനുള്ള തുക മറ്റ് ഏജൻസികൾക്ക് കൈമാറിയിട്ടുള്ള സാഹചര്യത്തിൽ, താൽക്കാലിക പുനഃസ്ഥാപനത്തിനുശേഷം സ്ഥിരമായ പുനഃസ്ഥാപന പ്രവൃത്തികൾക്കായി ബന്ധപ്പെട്ട റോഡ് ഭാഗങ്ങൾ അതത് ഏജൻസികൾക്ക് കൈമാറുന്നതാണ്. റോഡുകളുടെ കേടുപാടുകൾ മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും ഇതുമായി ബന്ധപ്പെട്ട ജനകീയ പ്രതിഷേധങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരമാവധി ഒഴിവാക്കുന്നതിനും പൊതുജനങ്ങളുടെ യാത്രാസൗകര്യം ഉറപ്പാക്കുന്നതിനുമായി, റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട കരാറുകാരുമായും ഏജൻസികളുമായും ഏകോപനം നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ നാട്ടിക കുടിവെള്ള പദ്ധതിയുടെ ഭാഗമായി കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത് അനന്തമായി നീണ്ടുപോകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> നാട്ടിക ഫിർക്ക കുടിവെള്ള പദ്ധതിയുടെ ഭാഗമായി പുതിയ കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നീണ്ടു പോകുന്നത് പ്രധാനമായും റോഡുകൾ മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിലെ കാലതാമസം മൂലമാണ്. കുടിവെള്ളപൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി സമയബന്ധിതമായി മുന്നോട്ട് പോകുന്നതിനായി യഥാസമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടെയും ഇടപെടലുകളിലൂടെ പ്രശ്ന പരിഹാരത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ